**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**1215** 14.06.2012 -ലെ മറുപടിക്ക്

# ചൂളക്കടവ് പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. കൃഷ്ണൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| **പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളിയെ പയ്യന്നൂർ നഗരസഭയുമായി ബന്ധിപ്പിക്കുന്ന ചൂളക്കടവ് പാലം നിർമ്മാണത്തിന് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പാലംപണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?** | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയമസഭാ മണ്ഡലത്തിലെ രാമന്തളിയെ പയ്യന്നൂർ നഗരസഭയുമായി ബന്ധിപ്പിക്കുന്ന ചൂളക്കടവ് പാലം നിർമ്മാണത്തിനായി മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് നമ്പർ.1044/2009/പി.ഡബ്ളയ്യൂ.ഡി., തീയതി, 14.07.2009 പ്രകാരം 960 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മാന്ദ്യ വിരുദ്ധ പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സൗജന്യമായി ഭൂമി ലഭ്യമാക്കണമെന്ന ഗവ:നിർദ്ദേശം നിലവിലുണ്ട്.<br>നിർദ്ദിഷ്ട ചൂളക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇരുകരകളിലുമുള്ള ഭൂമി സൗജന്യമായി വിട്ടുകിട്ടാത്തതിനാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. 13.07.2011-ന് പ്രസ്തുത ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞു. ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

Salitha

**സെക്ഷൻ ഓഫീസർ**